File No.NORKA-A2/295/2017-NORKA

/ 5301

181

NORKA-ROOTS

| TAPPAL | Date & Initial |
|---|---|
| CEO | |
| GM | |

കേരള സർക്കാർ

**സംഗ്രഹം**

കേരളീയപ്രവാസികാര്യ വകുപ്പ്- ലോക കേരളസഭ പദ്ധതി രൂപീകരിച്ചുകൊണ്ടും 2017-18 സാമ്പത്തിക വർഷത്തിലെ ഭരണാനുമതി നൽകികൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

കേരളീയപ്രവാസികാര്യ(എ) വകുപ്പ്

സ.ഉ.(സാധാ)/418/2017/നോർക്ക തിരുവനന്തപുരം,തീയതി, 19/06/2017

പരാമർശം:- (1) നോർക്ക റൂട്ട്സ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 25.04.2017 ലെ 3042/ജി/2017/റൂട്ട്സ് നമ്പർ കത്ത്.

(2) 24.05.2017 തീയതിയിലെ നോർക്ക ഡിപ്പാർട്ട്മെന്റ് വർക്കിംഗ് ഗ്രൂപ് യോഗത്തിന്റെ നടപടിക്കുറിപ്പ്.

**ഉത്തരവ്**

കേരള ജനതയുടെ ഒരു വലിയ വിഭാഗം ലോകത്തിന്റെ വിവിധ ഭാഗങ്ങളിലായി പ്രവാസജീവിതം നയിച്ചുവരുന്നവരാണ്. ഇത്തരത്തിൽ പല രാജ്യങ്ങളിലായി ചിതറിക്കിടക്കുന്ന പ്രവാസി മലയാളികളെ കുറിച്ചുള്ള തിരിച്ചറിവ്, അവർക്കുവേണ്ടി പൊതുവായ ഒരു ചർച്ചാവേദി ഉണ്ടാകേണ്ടതിനും അവർക്ക് മാതൃസംസ്ഥാനവുമായുള്ള ബന്ധം നിലനിർത്തി പോരുന്നതിനും വളരെ നിർണ്ണായകമാണ്. ഇങ്ങനെ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ചിതറിക്കിടക്കുന്ന പ്രവാസികൾ ക്ക് മാതൃസംസ്ഥാനവുമായുള്ള പാരസ്പര്യത്തിന്റെ ആവശ്യകത കണക്കിലെടുത്ത് കേരളനിയമസഭാ സാമാജികരെയും സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന പ്രവാസി മലയാളികളുടെ പ്രതിനിധികളെയും ഉൾപ്പെടുത്തിക്കൊണ്ട് ഒരു ലോക കേരളസഭ രൂപീകരിക്കുന്ന വിഷയം സർക്കാർ പരിഗണിക്കുകയുണ്ടായി. ഇത്തരത്തിൽ രൂപീകരിക്കുന്ന ലോക കേരളസഭ, ഉപദേശക സ്വഭാവമുള്ളതും ഒരു വർഷത്തിൽ ഒരു തവണയെങ്കിലും ചേരേണ്ടതും പ്രവാസി മലയാളികളുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ഔപചാരികമായി ചർച്ച ചെയ്യുന്നതിനും സർക്കാർ നയരൂപീകരണത്തിനുമുള്ള ഒരു വേദിയായി വർത്തിക്കേണ്ടതുമാണ്. ലോകകേരളസഭയുടെ ഘടനയും മാർഗ്ഗരേഖയും അനുബന്ധമായി ചേർക്കുന്നു.

2.പ്രവാസി മലയാളികൾക്ക വേണ്ടി ലോക കേരളസഭ പദ്ധതി രൂപീകരിക്കണമെന്ന് നടപ്പ സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ പ്രഖ്യാപിക്കുകയും 2230-01-103-90 എന്ന ശീർഷകത്തിൽ 450,00,000/- രൂപ (നാനൂറ്റി അൻപത് ലക്ഷം രൂപ മാത്രം) വകയിരുത്തുകയും ചെയ്തിട്ടുണ്ട്.പരാമർശം (1) ലെ കത്ത് പ്രകാരം, നോർക്ക റൂട്ട്സ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ 2017-18 സാമ്പത്തിക വർഷത്തിൽ പദ്ധതിയുടെ ഭരണാനുമതിക്കായി വിശദമായ ശിപാർശ

File No.NORKA-A2/295/2017-NORKA

സമർപ്പിക്കുകയുണ്ടായി.

3. പ്രസ്തുത ശിപാർശ 24.05.2017-ൽ ചേർന്ന നോർക്ക ഡിപ്പാർട്ട്മെന്റ് വർക്കിംഗ് ഗ്രൂപ്പ് യോഗം പരിഗണിക്കുകയും പരാമർശം (2) ലെ നടപടിക്കുറിപ്പ് പ്രകാരം ലോക കേരളസഭ പദ്ധതിക്ക് 2017-18 സാമ്പത്തിക വർഷത്തിൽ ആകെ 450,00,000/- രൂപ (നാന്നൂറ്റി അൻപത് ലക്ഷം രൂപ മാത്രം) അടങ്കൽ തുകയ്ക്ക് താഴെ പറയുന്ന ഘടകങ്ങൾ പ്രകാരം ഭരണാനുമതി നൽകാൻ തീരുമാനമാകുകയും ചെയ്തിട്ടുണ്ട്.

| ക്രമ നം. | ഘടകങ്ങൾ | സാമ്പത്തിക ലക്ഷ്യം (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | ഓഫീസ് സജ്ജീകരണം, പൊതു ഭരണം, ഏകോപനം | 20 |
| 2 | പ്രചാരണം, രജിസ്ട്രേഷൻ വേണ്ടി ഇന്ററാക്റ്റീവ് വെബ്സൈറ്റ്, ലഘുലേഖയും കുറിപ്പുകളും തയ്യാറാക്കുന്നതിനും | 50 |
| 3 | ബാഹ്യ ഏജൻസികളുമായോ ഇവന്റ് മാനേജർമാരുമായോ പങ്കാളിത്തത്തിന് | 7 |
| 4 | ഇവന്റ് നടത്തിപ്പ്, താമസ സൗകര്യം, പ്രഗല്ഭരായ പ്രാസംഗികർക്കുള്ള യാത്രാചെലവ് | 350 |
| 4 | മറ്റു ചിലവുകൾ | 23 |
| | ആകെ | 450 |

4. പ്രസ്തുത സാഹചര്യത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും ലോക കേരളസഭ പദ്ധതി രൂപീകരിച്ചുകൊണ്ടും അനുബന്ധമായി ചേർത്തിട്ടുള്ള ഘടനയും മാർഗ്ഗരേഖയും അംഗീകരിച്ചുകൊണ്ടുംപദ്ധതിക്ക് 2017-18 സാമ്പത്തിക വർഷത്തിൽ ആകെ 450,00,000/- രൂപ (നാന്നൂറ്റി അൻപത് ലക്ഷം രൂപ മാത്രം), 2230-01-103-90 (പ്ളാൻ) എന്ന ശീർഷകത്തിൽ നിന്നും മേൽ ഘടകങ്ങൾ പ്രകാരം ചെലവഴിക്കുന്നതിനുള്ള ഭരണാനുമതി നൽകിക്കൊണ്ടും ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ആഞ്ജലോസ്.ജി**

**അഡീഷണൽ സെക്രട്ടറി**

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, നോർക്ക- റൂട്ട്സ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (ആഡിറ്റ്) , കേരള, തിരുവനന്തപുരം.
പ്ളാനിംഗ് & ഇക്കണോമിക് അഫയേഴ്സ് വകുപ്പ്.
ധനകാര്യ വകുപ്പ്
നോർക്ക (ബി) വകുപ്പ് (2 പകർപ്പുകൾ)
ഇൻഫർമേഷൻ & പബ്ലിക്ക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ)വകുപ്പ്.
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

183

സ. ഉ. (സാധാ)/418/2017/നോർക്ക, തീയതി 19/06/2017-ന്റെ അനുബന്ധം.

---

## ലോക കേരളസഭ

### ലോക കേരളസഭയുടെ ഘടന

a)കേരളനിയമസഭയിലെ എല്ലാ സാമാജികരും

b)സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന പ്രവാസി മലയാളികളുടെ പ്രതിനിധികൾ

### മാർഗ്ഗരേഖ

i)വിദേശരാജ്യങ്ങളിലുള്ള പ്രവാസി മലയാളികളിൽ നിന്നും ഇന്ത്യയ്ക്കകത്ത് മറ്റു സംസ്ഥാനങ്ങളിലുള്ള പ്രവാസി മലയാളികളിൽ നിന്നും അവരുടെ ജനസംഖ്യയുടെ 2:1 എന്ന അനുപാതത്തിൽ ആയിരിക്കണം പ്രതിനിധികളെ തിരഞ്ഞെടുക്കേണ്ടത്.

ii)ലോക കേരളസഭയിൽ പങ്കെടുക്കുന്നവരുടെ എണ്ണം, 141 നിയമസഭാ സാമാജികരും പ്രവാസിമലയാളികളുടെ പ്രതിനിധികളും ചേർന്ന് ആകെ 300 -ൽ താഴെ ആയിരിക്കണം.

iii)സർക്കാർ സേവനങ്ങളെ കുറിച്ചുള്ള തൽസമയ ആശയവിനിമയം സാധ്യമാകുന്നതിനായി പ്രത്യേക ക്ഷണിതാക്കളായി കേരളത്തിലെ 1 0 സുപ്രധാന വകുപ്പുകളുടെ സെക്രട്ടറിമാരെ പങ്കെടുപ്പിക്കേണ്ടതാണ്.

iv)2014-ൽ സെന്റർ ഫോർ ഡവലപ്പ്മെന്റ് സ്റ്റഡീസ് നടത്തിയ കേരള മൈഗ്രേഷൻ മോണിറ്ററിംഗ് സർവ്വേ റിപ്പോർട്ട് അനുസരിച്ചുള്ള പ്രവാസി ജനസംഖ്യ ആധാരമാക്കി വേണം പ്രവാസിമലയാളികളുടെ പ്രതിനിധികളുടെ എണ്ണം നിശ്ചയിക്കേണ്ടത്. വിദേശത്തു പ്രവർത്തിക്കുന്ന പല പ്രവാസി മലയാളി സംഘടനകൾക്കും ആധികാരികതയില്ലാത്തതിനാലും പല സംഘടനകളും കൃത്യമായ മാർഗ്ഗരേഖ അനുസരിച്ചു പ്രവർത്തിക്കുന്നവയല്ലാത്തതിനാലും പ്രവാസി മലയാളി സംഘടനകളുടെ അടിസ്ഥാനത്തിൽ പ്രതിനിധികളുടെ എണ്ണം നിശ്ചയിക്കുന്നത് പ്രായോഗികമല്ല. വിവിധ രാജ്യങ്ങളിൽ നിന്നും ജനസംഖ്യാടിസ്ഥാനത്തിൽ താഴെ പറയുന്ന രീതിയിൽ പ്രതിനിധികളെ തിരഞ്ഞെടുക്കാവുന്നതാണ്.

| ക്രമനം | രാജ്യം | പ്രവാസി മലയാളികളുടെ എണ്ണം | പ്രതിനിധികളുടെ എണ്ണം |
|---|---|---|---|
| 1 | യുണൈറ്റഡ് അറബ് എമിറേറ്റ്സ് | 883000 | 40 |

| | | | |
|---|---|---|---|
| 2 | സൗദി അറേബ്യ | 575000 | 26 |
| 3 | ഒമാൻ | 195000 | 8 |
| 4 | കുവൈറ്റ് | 128000 | 6 |
| 5 | ബഹ്റൈൻ | 102000 | 5 |
| 6 | ഖത്തർ | 148000 | 6 |
| 7 | [A] മറ്റ് പശ്ചിമേഷ്യൻ രാജ്യങ്ങൾ | 7000 | 1 |
| 8 | അമേരിക്ക | 68000 | 3 |
| 9 | കാനഡ | 9000 | 1 |
| 10 | യുണൈറ്റഡ് കിംഗ്ഡം | 45000 | 2 |
| 11 | [A]മറ്റ് യൂറോപ്യൻ രാജ്യങ്ങൾ | 10000 | 1 |
| 12 | ആഫ്രിക്ക | 13000 | 1 |
| 13 | സിംഗപ്പൂർ | 11000 | 1 |
| 14 | മാലിദ്വീപ് | 7000 | 1 |
| 15 | മലേഷ്യ | 13000 | 1 |
| 16 | [A]മറ്റ് തെക്കുകിഴക്കൻ ഏഷ്യൻ രാജ്യങ്ങൾ | 16000 | 1 |
| 17 | ആസ്ട്രേലിയ/ ന്യൂസിലാന്റ് | 25000 | 1 |
| 18 | മറ്റ് രാജ്യങ്ങൾ | 25000 | 1 |

| ക്രമനം | സംസ്ഥാനം | പ്രവാസി മലയാളികളുടെ എണ്ണം | പ്രതിനിധികളുടെ എണ്ണം |
|---|---|---|---|
| 1 | കർണ്ണാടക | 269000 | 13 |
| 2 | തമിഴ് നാട് | 239000 | 12 |
| 3 | മഹാരാഷ്ട്ര | 179000 | 9 |
| 4 | ന്യൂഡൽഹി | 69000 | 4 |
| 5 | ആന്ധ്രാപ്രദേശ് | 45000 | 3 |

185

| | | | |
|---|---|---|---|
| 6 | ഗുജറാത്ത് | 36000 | 2 |
| 7 | പഞ്ചാബ് | 11000 | 1 |
| 8 | മദ്ധ്യപ്രദേശ് | 10000 | 1 |
| 9 | ഉത്തർപ്രദേശ് | 10000 | 1 |
| 10 | ഗോവ | 8000 | 1 |
| 11 | പശ്ചിമ ബംഗാൾ | 7000 | 1 |
| 12 | ഝാർഖണ്ട് | 6000 | 1 |
| 13 | രാജസ്ഥാൻ | 6000 | 1 |
| 14 | അസം | 6000 | 1 |
| 15 | പോണ്ടിച്ചേരി | 5000 | 1 |
| 16 | [A]മറ്റു സംസ്ഥാനങ്ങൾ | 25000 | 1 |

പ്രതിനിധികളുടെ എണ്ണം നിശ്ചയിക്കുന്നതിനായി താഴെ പറയുന്ന അധിക മാനദണ്ഡങ്ങൾ കൂടി പാലിക്കേണ്ടതാണ്.

a) 'ലോക കേരളസഭ' എന്ന വാക്കിനെ അന്വർത്ഥമാക്കുന്ന വിധം, പ്രവാസി മലയാളികൾ എണ്ണത്തിൽ എത്ര കുറവാണെങ്കിലും അവർ ഉള്ള ഒരു ഭൂപ്രദേശത്തിനു പോലും പ്രാതിനിധ്യം കിട്ടാതെ പോകാൻ പാടില്ല എന്നതിനാൽ പ്രാതിനിധ്യം കൂടിയ രാജ്യങ്ങളിലെ പ്രതിനിധികളുടെ എണ്ണം കുറച്ചുകൊണ്ട് ഇത്തരക്കാരെയും പങ്കെടുപ്പിക്കേണ്ടതാണ്. കുറഞ്ഞത് ഒരു പ്രതിനിധിയെങ്കിലും ഓരോ പ്രദേശത്തുനിന്നും ഉണ്ടാകേണ്ടത് അവിടെ വസിക്കുന്നവരുടെ ആശയങ്ങളും അനുഭവവും മറ്റുള്ളവരുമായി പങ്കുവയ്ക്കുന്നതിന് സഹായകരമാകുന്നതാണ്.

b)ഒന്നിൽകൂടുതൽ ഭൂപ്രദേശങ്ങളെ പ്രതിനിധീകരിച്ചുകൊണ്ട് ഒരു പൊതു പ്രതിനിധിയെ തിരഞ്ഞെടുക്കുന്നതായതിനാൽ മുകളിൽ [ A ] അടയാളപ്പെടുത്തിയിരിക്കുന്ന സ്ഥലങ്ങളിലെ പ്രതിനിധികളുടെ എണ്ണം വർഷം തോറും മാറ്റാവുന്നതാണ്. ഇത് കാലാകാലങ്ങളിൽ സർക്കാർ തലത്തിൽ തീരുമാനിക്കാവുന്നതാണ്. മാനദണ്ഡങ്ങൾ ഇങ്ങനെയാണെങ്കിലും സർക്കാരിന് പ്രതിനിധികളെയും അവരുടെ എണ്ണവും മാറ്റുന്നതിനുള്ള സ്വാതന്ത്ര്യം ഉണ്ടായിരിക്കുന്നതാണ്.

v)വർഷത്തിൽ ഒരു തവണയാണ് സമ്മേളനം നടക്കുന്നത് എന്നതിനാൽ പ്രതിനിധികളെ വർഷാവർഷം മാറ്റുന്നതിന്റെ ബുദ്ധിമുട്ട് ഒഴിവാക്കുന്നതിനായി മാറിവരുന്ന സർക്കാരുകളുടെ കാലാവധിക്കനുസൃതമായി സഭയുടെ പ്രതിനിധികളുടെ കാലാവധി 5 വർഷമായി നിജപ്പെടുത്തേണ്ടതാണ്.

vi)ലോക കേരള സഭയുടെ പ്രാരംഭ പ്രവർത്തനങ്ങൾക്കും ഏകോപനത്തിനും സമ്മേളന നടത്തിപ്പിനുമായി താഴെ പറയുന്ന അംഗങ്ങൾ ഉൾക്കൊള്ളുന്ന ഒരു കേന്ദ്ര കമ്മിറ്റി രൂപീകരിക്കേണ്ടതാണ്.

I. ചീഫ് എക്സിക്യൂട്ടീവ് ഓഫിസർ, നോർക്ക റൂട്സ് (ചെയർമാൻ)
II. അഡിഷൽ സെക്രട്ടറി, നോർക്ക വകുപ്പ്
III. ജനറൽ മാനേജർ, നോർക്ക റൂട്സ് (കൺവീനർ)
IV. മുഖ്യമന്ത്രിയുടെ ഓഫീസിൽ നിന്നുള്ള പ്രതിനിധി
V. ധനകാര്യവകുപ്പിന്റെ പ്രതിനിധി
VI. നിയമസഭാ സെക്രട്ടേറിയറ്റിൽ നിന്നുള്ള പ്രതിനിധി
VII. നിയമവകുപ്പിന്റെ പ്രതിനിധി
VIII. വിവര-പൊതുജന സമ്പർക്ക വകുപ്പിന്റെ പ്രതിനിധി

ഈ കമ്മിറ്റിക്ക് ഏതു സേവനത്തിനായും ഏതു ഉദ്യോഗസ്ഥരെയും ആവശ്യാർത്ഥം തെരെഞ്ഞെടുക്കുവാൻ അധികാരമുണ്ടായിരിക്കും.

vii)താഴെ പറയുന്ന അംഗങ്ങൾ ഉൾക്കൊള്ളുന്ന ഒരു നിരീക്ഷക-വിലയിരുത്തൽ കമ്മിറ്റി രൂപീകരിക്കേണ്ടതാണ്.

I. ബഹു. മുഖ്യമന്ത്രി
II. നോർക്ക വകുപ്പ് സെക്രട്ടറി
III. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, നോർക്ക റൂട്സ്
IV. ധനകാര്യവകുപ്പ് സെക്രട്ടറി
V. നിയമസഭാ സെക്രട്ടറി
VI. വിവര-പൊതുജന സമ്പർക്ക വകുപ്പ് സെക്രട്ടറി